പത്രക്കുറിപ്പ്

6-2-2019

## റീസർജന്റ് കേരള ലോൺ സ്കീം:

# പ്രളയബാധിതരായ കുടുംബശ്രീ അംഗങ്ങൾക്ക് പലിശരഹിത വായ്പയായി 1016 കോടി രൂപ നൽകി

### * 124668 ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിച്ചു

തിരുവനന്തപുരം: പ്രളയക്കെടുതിയിൽ ഗൃഹോപകരണങ്ങളും ഉപജീവനമാർഗങ്ങളും നഷ്ടമായ കുടുംബശ്രീ അംഗങ്ങളെ സഹായിക്കുന്നതിനായി ആവിഷ്ക്കരിച്ച റീസർജന്റ് കേരള ലോൺ സ്കീം പദ്ധതി വഴി സംസ്ഥാനത്ത് ഇതുവരെ നൽകിയത് 1016 കോടി രൂപയുടെ വായ്പ. പദ്ധതി പ്രകാരം സംസ്ഥാനത്തെ അയൽക്കൂട്ടങ്ങൾ സമർപ്പിച്ച അപേക്ഷകളിൻ മേൽ 1134 കോടി രൂപയാണ് വായ്പയായി വേണ്ടത്. ഇതിൽ നിന്നാണ് ഇപ്പോൾ 1016 കോടി രൂപ വായ്പയായി അനുവദിച്ചത്. ഇതു കൂടാതെ പുതുതായി രൂപീകരിച്ച മൂവായിരം അയൽക്കുട്ടങ്ങൾക്കു കൂടി വായ്പ ലഭ്യമാക്കാൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്. വായ്പ ആവശ്യമുള്ള അംഗങ്ങൾക്ക് അപേക്ഷ നൽകുന്നതിനുള്ള കാലാവധി ബാങ്കുകൾ മാർച്ച് 31 വരെ ദീർഘിപ്പിച്ചു.

അർഹരായ കുടുംബശ്രീ അംഗങ്ങൾക്ക് പരമാവധി ഒരു ലക്ഷം രൂപ വരെ പലിശരഹിത വായ്പായി ലഭിക്കുന്ന പദ്ധതിയാണിത്. ഇതു പ്രകാരം സംസ്ഥാനത്തെ സി.ഡി.എസുകൾ മുഖേന ഇതുവരെ 23558 അയൽക്കൂട്ടങ്ങളുടെ വായ്പാ അപേക്ഷകളാണ് ബാങ്കുകളിൽ സമർപ്പിച്ചിട്ടുള്ളത്. ഇതിൽ നിന്നും 16899 അയൽക്കൂട്ടങ്ങളുടെ അപേക്ഷകൾക്ക് ബാങ്കുകൾ വായ്പ അനുവദിച്ചു. ഇങ്ങനെ ലഭിച്ച വായ്പാ തുക ഉപയോഗിച്ച് 124668 ഗുണഭോക്താക്കൾക്ക് നഷ്ടപ്പെട്ട ഗൃഹോപകരണങ്ങൾ വാങ്ങുന്നതിനും ചെറിയ തോതിൽ ഉപജീവനമാർഗങ്ങൾ വീണ്ടെടുക്കുന്നതിനും സാധിച്ചിട്ടുണ്ട്.

ഇതു വരെ ഏറ്റവും കൂടുതൽ വായ്പ അനുവദിച്ച ജില്ല എറണാകുളമാണ്. ഇവിടെ വിവിധ ബാങ്കുകൾ മുഖേന അയൽക്കൂട്ടങ്ങൾക്ക് 319 കോടി രൂപ വായ്പയായി അനുവദിച്ചു വിതരണം ചെയ്തു. 235 കോടി രൂപ വായ്പ അനുവദിച്ച് ആലപ്പുഴ ജില്ലയാണ് രണ്ടാമത്. അർഹരായ എല്ലാ അംഗങ്ങൾക്കും വായ്പ ലഭ്യമാക്കുന്നതിനുള്ള ഫീൽഡ്തല നടപടികളും പൂർത്തിയായി.അയൽക്കൂട്ടങ്ങൾക്ക് ബാങ്കുകളിൽ നിന്നും വായ്പ വേഗത്തിൽ ലഭ്യമാക്കുന്നതുൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്ക് അതത് ജില്ലാമിഷനുകളാണ് നേതൃത്വം വഹിക്കുന്നത്.

വായ്പ ലഭ്യമാകുന്ന അയൽക്കൂട്ട അംഗങ്ങൾക്കു വേണ്ടി കുടുംബശ്രീയുമായി ധാരണാപത്രം ഒപ്പു വച്ച പതിനഞ്ച് കമ്പനികളിൽ നിന്നും അമ്പതു ശതമാനം വരെ വിലക്കുറവിൽ നാനൂറോളം വ്യത്യസ്ത ഉൽപന്നങ്ങൾ വാങ്ങാൻ കഴിയുന്ന ഡിസ്ക്കൗണ്ട് പർച്ചേസ് സ്കീമും ആവിഷ്ക്കരിച്ചിരുന്നു. ഇതു പ്രകാരം വായ്പ ലഭ്യമായ അയൽക്കൂട്ട അംഗങ്ങൾ വായ്പാ തുക ഉപയോഗിച്ച് തങ്ങൾക്കാവശ്യമായ ഗൃഹോപകരണങ്ങൾ വാങ്ങുകയും ഉപജീവന മാർഗം വീണ്ടെടുക്കുകയും ചെയ്തിട്ടുണ്ട്. പ്രളയക്കെടുതിയെ തുടർന്ന് ഏറെ സാമ്പത്തിക ക്ളേശം അനുഭവിക്കേണ്ടി വന്ന അയൽക്കൂട്ട വനിതകൾക്ക് പദ്ധതി പ്രകാരം വായ്പ ലഭ്യമാകുന്നത് ഏറെ ആശ്വാസകരമാകുന്നുണ്ട്.

എക്സിക്യൂട്ടീവ് ഡയറക്ടർ

കുടുംബശ്രീ